## ഹുസൈൻ കടന്നമണ്ണ

# ഹദീസ്നിഷേധ പ്രവണത ചരിത്രം-വർത്തമാനം



**ഇസ്‌ലാമിക** ചരിത്രത്തിൽ ഹദീസ്നിഷേധ പ്രവണത രൂപഭേദങ്ങളോടെ പലകുറി തലപൊക്കുകയും അപ്രത്യക്ഷമാവുകയും ചെയ്തിട്ടുണ്ട്. വിവിധ ചരിത്ര സന്ധികളിൽ രംഗപ്രവേശം ചെയ്ത ഹദീസ്നിഷേധ പ്രവണതകൾ, അതിന്റെ മുന്നിലും പിന്നിലും നിന്ന വ്യക്തികൾ, സംഘങ്ങൾ, അവരുടെ ആരോപണങ്ങൾ ഇത്യാദി കാര്യങ്ങളാണിവിടെ പ്രതിപാദിക്കുന്നത്. അവരുന്നയിച്ച ആരോപണങ്ങൾക്ക് ഈ ലേഖനത്തിൽ മറുപടി പറയുന്നില്ല.

ഹദീസ്നിഷേധത്തിലേക്കു നയിച്ച സാഹചര്യങ്ങളെ നാലായി തിരിക്കാം:

ഒന്ന്- മൂന്നാം ഖലീഫ ഉസ്മാ(റ)ന്റെ വധം, അലി(റ) യുടെ അധികാരാരോഹണം, അലി-മുആവിയ വടംവലി തുടങ്ങിയ സംഭവവികാസങ്ങളുടെ പരിസരത്ത് രൂപപ്പെട്ട വിവിധ കക്ഷികൾ തമ്മിലുള്ള കിടമത്സരം.

രണ്ട്- യവനതത്ത്വചിന്തയിൽ ആകൃഷ്ടരായ ചില മുസ്‌ലിം ചിന്തകർ അതിനനുസൃതമായി ഇസ്‌ലാമിക പ്രമാണപാഠങ്ങളെ വ്യാഖ്യാനിക്കാൻ കാണിച്ച വ്യഗ്രത.

മൂന്ന്- ഇസ്‌ലാം ദർശനത്തോടുള്ള കുടിപ്പക മൂത്ത യൂറോപ്യൻ കുരിശുപക്ഷം (ജൂതരും ക്രിസ്ത്യാനികളും ഇതിൽ പങ്കാളികളാണ്) സൈനികാക്രമണത്തിന് സമാന്തരമായി ആസൂത്രണം ചെയ്ത സാംസ്കാരികാക്രമണവും അതിനായി രൂപം നൽകിയ സാംസ്കാരിക സേന (ഓറിയന്റലിസ്റ്റുകൾ) നടത്തിയ ഗൂഢനീക്കങ്ങളും.

നാല്- പാശ്ചാത്യസംസ്കാരത്തിൽ ആകൃഷ്ടരായ, ഓറിയന്റലിസത്തിന്റെ ഗൂഢനീക്കങ്ങൾക്കു കരുത്തുപകർന്ന മുസ്‌ലിം നാമധാരികളായ ചിന്തകന്മാരും എഴുത്തുകാരും നടത്തിയ 'ഗവേഷണ'ങ്ങൾ.

ഹദീസ് നിഷേധികൾ ഒരുപോലെയായിരുന്നില്ല. അവരിൽ മൊത്തമായി നിഷേധിച്ചവരുണ്ട്. ഭാഗികമായി നിഷേധി

**കടുത്ത മതാന്ധതയും പരമതവൈരവും സാമ്രാജ്യത്വമോഹങ്ങളും ഇസ്‌ലാമിക സമൂഹം നേടിയ നാഗരിക വളർച്ചയോടുള്ള അസൂയയുമൊക്കെയാണ് കുരിശുയോദ്ധാക്കളെ മുസ്‌ലിം രാജ്യങ്ങളിലേക്കു കടന്നുകയറാൻ പ്രേരിപ്പിച്ചത്. നീണ്ട 200 വർഷത്തെ പോരാട്ടത്തിനൊടുവിൽ - ക്രി.1270 ൽ - അവർ പരാജിതരായി മടങ്ങി. സൈനികമായി മുസ്‌ലിം ദേശങ്ങളെ കീഴടക്കാനായേക്കാമെങ്കിലും, മുസ്‌ലിം ഹൃദയങ്ങൾ കീഴടക്കുക അസാധ്യമാണെന്നു മനസ്സിലാക്കിയ ക്രൈസ്തവരാജാക്കന്മാരും മതമേലാളന്മാരും യുദ്ധം സാംസ്കാരിക-ധൈഷണിക തലത്തിലേക്ക് മാറ്റി. അങ്ങനെയാണ് ഓറിയന്റലിസ്റ്റുവേദികൾ രൂപം കൊള്ളുന്നത്.**

ച്ചവരുണ്ട്. മുതവാതിറു(ഒട്ടേറെ നിവേദക പരമ്പരകളിലൂടെ കൈവന്നത്)കളെയും ആഹാദു (ഏക നിവേദക പരമ്പരയിലൂടെ കൈവന്നത്)കളെയും ഒരുപോലെ നിഷേധിച്ചവരുണ്ട്. ആഹാദുകളെ മാത്രം നിഷേധിച്ചവരുണ്ട്.

ചരിത്രത്തിൽ ഹദീസ് നിഷേധികളായി രംഗത്തു വന്നവരെയും അവരുടെ നിഷേധ പ്രവണതകളെയും സംക്ഷിപ്തമായി പരിചയപ്പെടാം.

### ഖവാരിജുകൾ

അലി-മുആവിയ(റ) പക്ഷങ്ങൾ തമ്മിൽ നടന്ന സിഫ്ഫീൻ യുദ്ധം ഒത്തുതീർപ്പാക്കിയതിൽ പ്രതിഷേധിച്ച് അലി(റ)യുടെ പക്ഷത്തുനിന്ന് വിഘടിച്ചു പോയ തീവ്രവാദികളാണ് ഖവാരിജുകൾ. അലി(റ)യുടെ പക്ഷം ചതിക്കപ്പെട്ട പ്രസ്തുത ഒത്തുതീർപ്പിനെയും സിഫ്ഫീൻ-ജമൽ യുദ്ധങ്ങൾക്കു വഴിവെച്ച സംഭവവികാസങ്ങളെയും ഖവാരിജുകൾ 'ഫിത്ന' (കുഴപ്പം) എന്നാണ് വിശേഷിപ്പിക്കുന്നത്. ഫിത്നയെ അടിസ്ഥാനപ്പെടുത്തിയാണ് അവർ ഹദീസുകളെ തള്ളുകയും കൊള്ളുകയും ചെയ്യുന്നത്. അഥവാ ഉസ്മാൻ(റ) ഒഴികെ ഫിത്നക്കുമുമ്പുള്ള സ്വഹാബികളിൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസുകൾ അവർ സ്വീകരിക്കുന്നു. അതേസമയം ഫിത്നക്കു കാരണക്കാരായവർ, ജമൽ-സ്വിഫ്ഫീൻ യുദ്ധങ്ങൾക്ക് നേതൃത്വം നൽകിയവർ, സ്വിഫ്ഫീൻ ഒത്തുതീർപ്പ് അംഗീകരിച്ചവർ, ഒത്തുതീർപ്പിന് മാധ്യസ്ഥ്യം വഹിച്ചവർ, ഇരു മാധ്യസ്ഥന്മാരിൽ ഒരാൾ അല്ലെങ്കിൽ രണ്ടാളും ശരിയായ പാതയിലായിരുന്നുവെന്നു വാദിച്ചവർ തുടങ്ങിയവരെയെല്ലാം കാഫിറുകളായിട്ടാണ് ഖവാരിജുകൾ കണക്കാക്കുന്നത്. അതിനാൽ അവരുടെ നിവേദനങ്ങൾ സ്വീകാര്യമല്ല. ചുരുക്കത്തിൽ, ഇസ്‌ലാമിക സമൂഹത്തിലെ ഭൂരിപക്ഷം സ്വീകരിക്കുന്ന ഒട്ടേറെ ഹദീസുകൾ നിഷേധിക്കുന്നവരാണ് ഖവാരിജുകൾ. ഇത് ഭാഗികമായ ഹദീസ്നിഷേധമാണ്.

അതേസമയം ഖവാരിജുകൾ വ്യാജഹദീസുകൾ നിർമിച്ചിട്ടില്ല. നിലപാടുകളിൽ തീവ്രത പുലർത്തിയിരുന്നെങ്കിലും ദൈവഭക്തി, നിഷ്കളങ്കത തുടങ്ങിയ ഗുണങ്ങളിൽ അവർ മുന്നിലായിരുന്നു.

### ശീഈകൾ

"അലി(റ) പ്രവാചകന്റെ വസിയ്യ് (ഉത്തരാധികാരി) ആണ്. അവിടുത്തെ വിയോഗാനന്തരം ഖലീഫ ആവേണ്ടത് അലിയായിരുന്നു. അബൂബക്റിന്റെ ഖിലാഫത്താരോഹണം അഹ്‌ലുൽബൈത്തി(നബി കുടുംബം)നെതിരെ നടന്ന ഗൂഢാലോചനയുടെ ഫലമാണ്. ഇക്കാര്യത്തിൽ അലി(റ)യെ പിന്തുണക്കാത്തവരെല്ലാം തിരുമേനിയുടെ തദ്സംബന്ധമായ വസിയ്യത്ത് മാനിക്കാത്തവരാണ്. ആ നിലക്ക് അവരാരും വിശ്വാസയോഗ്യരല്ല" ഇത്യാദി വിശ്വാസങ്ങൾ അടിസ്ഥാനമാക്കിയ ശീഈകളിൽ മിക്ക വിഭാഗങ്ങളും അബൂബക്ർ, ഉമർ, ഉസ്മാൻ, ആഇശ, ത്വൽഹ, സുബൈർ, മുആവിയ, അംറുബ്നുൽ ആസ്(റ) തുടങ്ങിയ പ്രമുഖ സ്വഹാബിവര്യന്മാരെയും അവരുടെ സഹചാരികളെയും അംഗീകരിക്കുന്നില്ല. അതിനാൽ അവരാരുടെയും നിവേദനങ്ങൾ സ്വീകാര്യമല്ല. അലി(റ)യോട് കൂറ് പുലർത്തിയവരുടെയും പാപസുരക്ഷിതരായ തങ്ങളുടെ ഇമാമുകളുടെയും നിവേദനങ്ങളെ മാത്രമേ അവർ പ്രബലങ്ങളായി കരുതുന്നുള്ളൂ. ഇസ്‌ലാമിക സമൂഹത്തിലെ ബഹുഭൂരിപക്ഷം പ്രബലമെന്ന് അംഗീകരിച്ച ഒട്ടനവധി ഹദീസുകളുടെ നിഷേധമാണ് ഈ നിലപാടിന്റെ അനിവാര്യഫലം.

ശീഈകളിൽ ഒരുവിഭാഗം ഇക്കാര്യത്തിൽ ഭിന്നാഭിപ്രായം പുലർത്തുന്നു. അവർ അബൂബക്റിന്റെയും ഉമറിന്റെയും ഖിലാഫത്ത് അംഗീകരിക്കുകയും ഇരുവരുടെയും മഹത്വം മാനിക്കുകയും ചെയ്യുന്നു. അവരെക്കാൾ അലി(റ)ക്ക് മഹത്വം കൽപിക്കുന്നുവെന്നുമാത്രം. സൈദികൾ എന്നറിയപ്പെടുന്ന ഈ വിഭാഗം ശീഈകളുടെ കൂട്ടത്തിലെ മിതവാദികളാണ്. അവരുടെ കർമശാസ്ത്രം അഹ്‌ലുസ്സുന്നത്തിന്റേതിനോട് ഏറെ അടുത്തു നിൽക്കുന്നു.

അതേസമയം, ശീഈകളിലെ ഏറ്റവും തീവ്രവിഭാഗം സുന്നത്തിനെ പൂർണമായി തിരസ്കരിക്കുന്നതായി ഇമാം സുയൂത്വി *മിഫ്താഹുൽ ജന്നഃ*യിൽ(പേജ് .3) എഴുതുന്നു. ഖുർആൻ മാത്രം മതിയെന്നാണ് അവരുടെ വാദം. പ്രവാചകത്വംതന്നെ അലിക്കായിരുന്നു കിട്ടേണ്ടിയിരുന്നത്; ജിബ്രീൽ(അ) അബദ്ധവശാൽ നബി(സ)ക്ക് ദിവ്യബോധനം നൽകുകയായിരുന്നു എന്നൊക്കെ പ്രചരിപ്പിക്കുന്ന ഈ വിഭാഗം 'റാഫിദികൾ' എന്നറിയപ്പെടുന്നു.

### മുഅ്തസിലികൾ

മുഅ്തസിലികളുടെ ഹദീസ്സമീപനത്തെക്കുറിച്ച് പണ്ഡിതന്മാർ വ്യത്യസ്ത വിവരങ്ങളാണ് നൽകുന്നത്. മുതവാതിർ, ആഹാദ് എന്നീ രണ്ടു ശാഖകളുടെയും പ്രാമാണികത അവർ അംഗീകരിക്കുന്നുണ്ടോ? അല്ലെങ്കിൽ മുതവാതിറിനെ മാത്രം സ്വീകരിച്ച് ആഹാദുകളെ നിരസിക്കുകയാണോ?

മുഅ്തസിലികളിൽ പെട്ട അബുൽഹുസൈനുൽബസ്വരി ആഹാദുകളെ അംഗീകരിച്ചിരുന്നതായി ആമിദി[1] തന്റെ *അൽ ഇഹ്കാമു ഫീ ഉസ്വൂലിൽ അഹ്കാമിൽ* (2:75) രേഖപ്പെടുത്തുന്നു. അതേസമയം അബൂഅലി അൽ ജിബാഈ ഉൾപ്പെടെയുള്ള മുഅ്തസിലീ വചനശാസ്ത്രജ്ഞന്മാർ ആഹാദുകളെ അംഗീകരിച്ചിരുന്നില്ലെന്നു ആമിദിതന്നെ (2:68) പറയുന്നു. മുഅ്തസിലികൾ ആഹാദുകളെ നിഷേധിക്കുന്നവരാണെന്ന് ഇബ്നു ഹസമും പ്രസ്താവിച്ചിട്ടുണ്ട്. (*ഇഹ്കാമുൽ ഇഹാകാം ഫീ ഉസ്വൂലിൽ അഹ്കാം,* വാള്യം:1 പേജ്:119)

മുഅ്തസിലികളിലെ തീവ്രവിഭാഗമായ നള്ളാമി[2]കൾ മുതവാതിറിന്റെ പ്രാമാണികത പോലും നിഷേധിച്ചിരുന്നതായി ഇമാം അബൂമൻസൂർ അൽ ബഗ്ദാദി തന്റെ '*അൽ ഫർഖു ബൈനൽ ഫിറഖി*'ൽ (പേജ്:67) വ്യക്തമാക്കുന്നു. മുതവാതിർ ഖണ്ഡിത വിവരം നൽകുന്നില്ലെന്നും അക്കൂട്ടത്തിലും വ്യാജ നിർമിതികൾ ഉണ്ടാവാനിടയുണ്ടെന്നും നള്ളാമികൾ പറയുന്നു.

ഇമാം ബാഗ്ദാദി പറഞ്ഞതിൽ മിക്കതും '*അൽ മിലലു വന്നിഹലി*'ന്റെ കർത്താവായ ശഹ്‌രിസ്താനിയും(മരണം ഹി. 548) ശരിവെച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ പ്രകാരം മുഅ്തസിലികൾ നാല് നിലപാടുകൾക്കിടയിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ്:

'*ഫിത്‌നാ*'നന്തരമുള്ള സ്വഹാബികളുടെ സത്യസന്ധതയും നീതിബോധവും സംശയാസ്പദമാണെന്ന് കരുതുന്ന വാസിലു[3]കൾ ഒരു ഭാഗത്ത്. ആ സ്വഹാബികൾ പാപികൾ( ഫാസിഖുകൾ) ആണെന്ന് ഉറച്ചുവിശ്വസിക്കുന്ന അംരി[4]കൾ മറുഭാഗത്ത്. നള്ളാമികളാകട്ടെ, ആ സ്വഹാബി വര്യന്മാരിൽ വ്യാജോക്തിയും വിവരക്കേടും കാപട്യവും ആരോപിച്ച് കൂടുതൽ തീവ്രബുദ്ധിയോടെ നിലയുറപ്പിച്ചിരിക്കുന്നു. ഈ മൂന്നു ഗ്രൂപ്പുകളും ഫലത്തിൽ ഫിത്‌നാനന്തര സ്വഹാബിവര്യന്മാരുടെ നിവേദനങ്ങൾ മുഴുവൻ നിഷേധിക്കുകയാണ് ചെയ്യുന്നത്.

നാലാമത്തെ വിഭാഗമായ ഹുദൈലി[5]കൾ, ആഹാദുകൾ സ്വീകാര്യമാവണമെങ്കിൽ സ്വർഗപ്രവേശം ലഭിക്കുമെന്ന സന്തോഷവാർത്തയറിയിക്കപ്പെട്ട ഒരാളുൾപ്പെടെ ഇരുപത് പേർ നിവേദക പരമ്പരയിലുണ്ടാവണമെന്ന് ഉപാധിവെക്കുന്നു. "നിങ്ങളിൽ ക്ഷമാലുക്കളായ 20 പേരുണ്ടെങ്കിൽ" എന്നു തുടങ്ങുന്ന ഖുർആൻ(8: 65) വചനമാണ് പ്രസ്തുത എണ്ണത്തിൽ പിടിച്ചുതൂങ്ങാൻ അവരെ പ്രേരിപ്പിച്ചത്.

ഖലീഫ മുതവക്കിലിന്റെ കാലത്ത് (ഹിജ്റ മൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതി) മുഅ്തസില വിഭാഗം ക്ഷയിക്കുകയും തിരോഭവിക്കുകയും ചെയ്തു. പിന്നീട് ഹദീസ് നിഷേധപ്രവണത തലപൊക്കുന്നത് ഓറിയന്റലിസ്റ്റ് രചനകളിലാണ്. ഖവാരിജുകളും ശീഈകളും മുഅ്തസിലികളും ഹദീസിനോടും സ്വഹാബിവര്യന്മാരോടും സ്വീകരിച്ച നിലപാട് പിൽക്കാലത്ത് ഓറിയന്റലിസ്റ്റുകൾക്കു വേണ്ട വിഭവങ്ങൾ ഒരുക്കിക്കൊടുത്തു.

### ഓറിയന്റലിസ്റ്റുകൾ

കടുത്ത മതാന്ധതയും പരമതവൈരവും സാമ്രാജ്യത്വ മോഹങ്ങളും ഇസ്‌ലാമിക സമൂഹം നേടിയ നാഗരിക വളർച്ചയോടുള്ള അസൂയയുമൊക്കെയാണ് കുരിശുയോദ്ധാക്കളെ മുസ്‌ലിം രാജ്യങ്ങളിലേക്കു കടന്നുകയറാൻ പ്രേരിപ്പിച്ചത്. നീണ്ട 200 വർഷത്തെ പോരാട്ടത്തിനൊടുവിൽ – ക്രി.1270 ൽ – അവർ പരാജിതരായി മടങ്ങി. സൈനികമായി മുസ്‌ലിം ദേശങ്ങളെ കീഴടക്കാനായേക്കാമെങ്കിലും, മുസ്‌ലിം ഹൃദയങ്ങൾ കീഴടക്കുക അസാധ്യമാണെന്നു മനസ്സിലാക്കിയ ക്രൈസ്തവരാജാക്കന്മാരും മതമേലാളന്മാരും യുദ്ധം സാംസ്കാരിക-ധൈഷണിക തലത്തിലേക്ക് മാറ്റി. അങ്ങനെയാണ് ഓറിയന്റലിസ്റ്റുവേദികൾ രൂപം കൊള്ളുന്നത്. പൗരസ്ത്യമതദർശനങ്ങളെക്കുറിച്ചും സാംസ്കാരിക-നാഗരികതകളെക്കുറിച്ചും പഠന ഗവേഷണങ്ങൾ നടത്തിയ പാശ്ചാത്യ പണ്ഡിതന്മാരാണ് ഓറിയന്റലിസ്റ്റുകൾ.

'സുന്നത്ത്' എന്നത് ഹിബ്രു പദമായ 'മുശന്നഃ' ലോപിച്ചുണ്ടായതാണെന്നുവരെ ചില ഓറിയന്റലിസ്റ്റുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മതപക്ഷപാതിത്വം മുഴച്ചുനിൽക്കുന്ന ഓറിയന്റലിസ്റ്റു പഠനങ്ങൾക്കിടയിൽ താരതമ്യേന നിഷ്പക്ഷമായി ഇസ്‌ലാമിനെ പഠിച്ചവരുമുണ്ട്. പക്ഷേ, ഭൂരിപക്ഷവും ഇസ്‌ലാമിന് രൂപവൈകൃതം വരുത്താനാണ് ശ്രമിച്ചത്. അവരുടെ പഠന-ഗവേഷണങ്ങളുടെ പോരായ്മകൾ:

- ● ഇസ്‌ലാമിന്റെ ആദർശലക്ഷ്യങ്ങളെക്കുറിച്ച തെറ്റുദ്ധാരണ. മുസ്‌ലിം പണ്ഡിതന്മാർ, ചരിത്രപുരുഷന്മാർ എന്നിവരെക്കുറിച്ച ദുർവിചാരം.
- ● വിവിധ ഘട്ടങ്ങളിലെ ഇസ്‌ലാമിക സമൂഹങ്ങളെ പൊതുവിലും ആരംഭദശയിലെ സമൂഹത്തെ വിശേഷിച്ചും അപരിഷ്കൃതരും ഛിദ്രിക്കപ്പെട്ടവരുമായി ചിത്രീകരിക്കുന്നു.
- ● ഇസ്‌ലാമിക നാഗരികതയെ ഇകഴ്ത്തുകയും അതിന്റെ സദ്ഫലങ്ങളെ വിലകുറച്ച് കാണുകയും ചെയ്യുന്നു.
- ● പ്രമാണപാഠങ്ങളെ മനഃപൂർവം ദുർവ്യാഖ്യാനിക്കുകയോ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ആശയക്കുഴപ്പമുണ്ടാക്കുകയോ ചെയ്യുന്നു.

ചരിത്രം, കർമശാസ്ത്രം, ഖുർആൻ, ഹദീസ്, സാഹിത്യം, നാഗരികത തുടങ്ങി ഇസ്‌ലാമുമായും മുസ്‌ലിംകളുമായും ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഈയൊരു രീതിശാസ്ത്രമാണ് അവർ പിന്തുടർന്നത്.

ഹദീസിനെക്കുറിച്ചും നിവേദകർ, പണ്ഡിതന്മാർ എന്നിവരെക്കുറിച്ചും വ്യാജാരോപണങ്ങൾ ഉന്നയിച്ച് ഹദീസിന്റെ പ്രാമാണികതയിൽ സംശയം ജനിപ്പിക്കാൻ ശ്രമിച്ച ഓറിയന്റലിസ്റ്റുകളിൽ പ്രമുഖൻ ജൂതനായ ഗോൾഡ് സിഹർ (Gold Ziher) ആണ്. അൽ അസ്ഹറിനു പുറമെ ചില പാശ്ചാത്യ യൂനിവേഴ്സിറ്റികളിലും അധ്യാപകനായിരുന്ന ഈ ഹംഗേറിയൻ വംശജന് ഇസ്‌ലാമുമായി ബന്ധപ്പെട്ട വിവര സ്രോതസ്സുകളിൽ പരന്ന ജ്ഞാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും പഠനങ്ങളും ഓറിയന്റലിസ്റ്റുകൾക്ക് വേദതുല്യമാണ്. ഗോൾഡ് സിഹറിന്റെ നിലപാടുകൾ അദ്ദേഹത്തിന്റെ 'ആദർശവും ശരീഅത്തും ഇസ്‌ലാമിൽ' എന്ന കൃതിയിൽ വിശദീകരിച്ചിട്ടുണ്ട്. അഹ്മദ് അമീൻ 'ഇസ്‌ലാമിന്റെ പ്രഭാതം'(ഫജ്റുൽ ഇസ്‌ലാം),

**ഹദീസിന്റെ പ്രാമാണികതയുടെ കാര്യത്തിൽ വേറിട്ട നിലപാടാണ് സൂഫികൾക്ക്. അവരിൽ ചിലർ നബിചര്യമുഖേന ലഭിക്കുന്ന അറിവ് ആവശ്യമില്ലെന്ന പക്ഷക്കാരാണ്. "അഖ്ബറനാ (ഞങ്ങൾക്ക് വിവരം കിട്ടി), ഹദ്ദസനാ (ഞങ്ങളോട് പറഞ്ഞു) തുടങ്ങിയ ഹദീസ് സാങ്കേതിക ശബ്ദങ്ങൾ ഉപയോഗിക്കുന്ന സൂഫിയെ കണ്ടാൽ അദ്ദേഹത്തെ അവഗണിച്ചേക്കുക", "നിങ്ങൾക്കറിവ് കിട്ടുന്നത് ജീവിച്ച് മരിച്ചയാളിൽനിന്നാണ്. ഞങ്ങൾക്ക് ഒരിക്കലും മരിക്കാത്ത എന്നെന്നും ജീവിക്കുന്നവനിൽനിന്നും." ഹദീസിനെ അവഗണിച്ചും ഖുർആനെ ഉയർത്തിപ്പിടിച്ചും ചില സൂഫികൾ പറഞ്ഞ വാക്കുകളാണിത്. ചില സൂഫികൾ തോന്നലുകൾക്ക് ഹദീസിന്റെ സ്ഥാനം കൽപിക്കാറുണ്ടായിരുന്നു.**

'ഇസ്ലാമിന്റെ പൂർവാഹ്നം' (ദുഹൽ ഇസ്ലാം) എന്നീ കൃതികളിലും ഡോ. അലി അബ്ദുൽഖാദിർ 'ഇസ്ലാമിക കർമശാസ്ത്ര ചരിത്രം: ഒരു പൊതുനിരീക്ഷണം' (നള്റഃ ആമ്മഃ ഫീ താരീഖിൽ ഫിഖ്ഹിൽ ഇസ്ലാമി) എന്ന ഗ്രന്ഥത്തിലും ഗോൾഡ് സിഹറിന്റെ അഭിപ്രായങ്ങൾ പകർത്തിയതു കാണാം.

**ഗോൾഡ് സിഹറിന്റെ ആരോപണങ്ങൾ**

ഇസ്ലാമിക സമൂഹത്തിൽ ഹദീസ് നിഷേധ പ്രവണത വളർത്താൻ ഗോൾഡ് സിഹർ ഉന്നയിച്ച വ്യാജാരോപണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

- ഹദീസിന്റെ സിംഹഭാഗവും ഇസ്ലാമിന്റെ ആരംഭദശയിൽ തന്നെ പ്രമാണപാഠമായി അംഗീകരിക്കപ്പെട്ടിരുന്നുവെന്നു പറയുന്നത് ശരിയല്ല. സത്യത്തിൽ അവ പിൻതലമുറകളുടെ ശ്രമഫലമായി സ്വരൂപിക്കപ്പെട്ട പൈതൃകം മാത്രമാണ്.
- ഉമവികളും ശീഈകളും തമ്മിലുള്ള കിടമത്സരം രൂക്ഷമായ ഘട്ടത്തിലാണ് ഹദീസിന്റെ ശേഖരണവും ചിട്ടപ്പെടുത്തലും നടന്നത്. അതിനാൽ ഇരുപക്ഷവും മത്സരിച്ച് വ്യാജ ഹദീസുകൾ നിർമിച്ചു. ഇരുപക്ഷവും തമ്മിൽ അഭിപ്രായവ്യത്യാസമുള്ള ഏതാണ്ടെല്ലാ പ്രശ്നങ്ങൾക്കും അവലംബവും സാധൂകരണവുമായി 'പ്രബലമായ' ഹദീസുകൾ ഒട്ടേറെയുണ്ടായി. ഉമവികൾ ഇമാം സുഹ്രി'യെപ്പോലുള്ള വിഖ്യാത പണ്ഡിതന്മാരെ വ്യാജഹദീസ് നിർമാണത്തിനായി ഉപയോഗിച്ചു.
- വ്യാജഹദീസുകൾ നിർമിച്ചതിനുപുറമെ പ്രബലമായ ഹദീസുകളിൽ കൃത്രിമം ചെയ്യലും അന്നു പതിവായിരുന്നു. നബി(സ) കൊല്ലരുതെന്ന് കൽപിച്ച നായ്ക്കളുടെ കൂട്ടത്തിലേക്ക് 'കൃഷിപരിപാലിക്കാനുപയോഗിക്കുന്ന നായ്ക്കളെ' എന്ന് അബൂഹുറയ്റ കൂട്ടിച്ചേർത്തത് ഉദാഹരണം. അബൂഹുറയ്റക്ക് കൃഷിയുണ്ടായിരുന്നതുകൊണ്ടാണ് അങ്ങനെ ചെയ്തത്.
- കർമശാസ്ത്രനിയമങ്ങൾ സ്ഥാപിക്കുന്നതിനായി, നബി(സ)യുടെ കൽപ്പന പ്രകാരം എഴുതിയതെന്ന വ്യാജേന ചില ലിഖിത ഫലകങ്ങളും രംഗത്തിറക്കുകയുണ്ടായി.

ഇത്തരം കാരണങ്ങളാൽ ഹദീസിൽ ഒട്ടുമുക്കാലും വിശ്വാസയോഗ്യമല്ല എന്നു സ്ഥാപിക്കുകയാണ് ഗോൾഡ് സിഹർ ചെയ്തത്.

**സൂഫികൾ**

ഹദീസിന്റെ പ്രാമാണികതയുടെ കാര്യത്തിൽ വേറിട്ട നിലപാടാണ് സൂഫികൾക്ക്. അവരിൽ ചിലർ നബിചര്യമുഖേന ലഭിക്കുന്ന അറിവ് ആവശ്യമില്ലെന്ന പക്ഷക്കാരാണ്. "അഖ്ബറനാ (ഞങ്ങൾക്ക് വിവരം കിട്ടി), ഹദ്ദസനാ (ഞങ്ങളോട് പറഞ്ഞു) തുടങ്ങിയ ഹദീസ് സാങ്കേതിക ശബ്ദങ്ങൾ ഉപയോഗിക്കുന്ന സൂഫിയെ കണ്ടാൽ അദ്ദേഹത്തെ അവഗണിച്ചേക്കുക", "നിങ്ങൾക്കറിവ് കിട്ടുന്നത് ജീവിച്ച് മരിച്ചയാളിൽനിന്നാണ്. ഞങ്ങൾക്ക് ഒരിക്കലും മരിക്കാത്ത എന്നെന്നും ജീവിക്കുന്നവനിൽനിന്നും." ഹദീസിനെ അവഗണിച്ചും ഖുർആനെ ഉയർത്തിപ്പിടിച്ചും ചില സൂഫികൾ പറഞ്ഞ വാക്കുകളാണിത്. ചില സൂഫികൾ തോന്നലുകൾക്ക് ഹദീസിന്റെ സ്ഥാനം കൽപിക്കാറുണ്ടായിരുന്നു. ഹദ്ദസനീ ഖൽബീ (എന്റെ മനസ്സ് എന്നോട് പറഞ്ഞു) എന്നു പറഞ്ഞുകൊണ്ടാണ് അവർ സംസാരം തുടങ്ങാറ്.

**ഖവാരിജുകൾ, ശീഈകൾ, മുഅ്തസിലികൾ തുടങ്ങിയ കക്ഷികളിലൂടെ തുടക്കം കുറിച്ച ഹദീസ് നിഷേധ പ്രവണത ഓറിയന്റലിസ്റ്റുകൾ ഏറ്റെടുക്കുകയും പിൽക്കാലത്ത് മോഡേണിസ്റ്റുകൾക്ക് കൈമാറുകയുമാണുണ്ടായത്. പക്ഷേ, ഈ മൂന്നു തരക്കാരുടെയും ഹദീസ് നിഷേധങ്ങൾ തമ്മിൽ അന്തരമുണ്ട്. ആദ്യം പറഞ്ഞ കക്ഷികൾ മിക്കതും ഇസ്ലാമിക സമൂഹത്തിനകത്തുള്ളവരാണ്. അവരുടെ ഹദീസ്നിഷേധം ഇസ്ലാമിനെ തകർക്കണമെന്ന ഉദ്ദേശ്യത്തോടെയാണെന്ന് പറയാൻ കഴിയില്ല. എന്നാൽ ഓറിയന്റലിസ്റ്റുകളുടെ ലക്ഷ്യം തീർത്തും ഭിന്നമായിരുന്നു. ഹദീസ് നിഷേധത്തിലൂടെ അവർ ഉന്നംവെച്ചത്, ഇസ്ലാമിന്റെ പ്രമാണപാഠങ്ങളിലും നിയമസ്രോതസ്സുകളിലും സംശയം ജനിപ്പിച്ച് സമൂഹത്തിൽ ഛിദ്രതയുണ്ടാക്കുക എന്നതായിരുന്നു.**



പക്ഷേ, ഇത് എല്ലാ സൂഫികളുടെയും നിലപാടല്ല. പൂർവ സൂരികളിലെ സൂഫികളൊക്കെയും ഹദീസിന്റെ പ്രാമാണികത അംഗീകരിച്ചിരുന്നു. 'നബി(സ)യുടെ കാൽപ്പാടുകൾ അനുധാവനം ചെയ്തവരൊഴിച്ചുള്ള എല്ലാ സൃഷ്ടികളുടെയും മുമ്പിൽ വഴികൾ അടഞ്ഞുകിടക്കുകയാണ്' എന്ന് സൂഫീ ആചാര്യൻ ജുനൈദുബ്നു മുഹമ്മദ്(റ) പറയുകയുണ്ടായി.

**മോഡേണിസ്റ്റുകൾ**

ഖവാരിജുകൾ, ശീഈകൾ, മുഅ്തസിലികൾ തുടങ്ങിയ കക്ഷികളിലൂടെ തുടക്കം കുറിച്ച ഹദീസ്നിഷേധ പ്രവണത ഓറിയന്റലിസ്റ്റുകൾ ഏറ്റെടുക്കുകയും പിൽക്കാലത്ത് മോഡേണിസ്റ്റുകൾക്ക് കൈമാറുകയുമാണുണ്ടായത്. പക്ഷേ, ഈ മൂന്നു തരക്കാരുടെയും ഹദീസ്നിഷേധങ്ങൾ തമ്മിൽ അന്തരമുണ്ട്. ആദ്യം പറഞ്ഞ കക്ഷികൾ മിക്കതും ഇസ്ലാമിക സമൂഹത്തിനകത്തുള്ളവരാണ്. അവരുടെ ഹദീസ്നിഷേധം ഇസ്ലാമിനെ തകർക്കണമെന്ന ഉദ്ദേശ്യത്തോടെയാണെന്ന് പറയാൻ കഴിയില്ല. നന്നെ കവിഞ്ഞാൽ തങ്ങളുടെ കക്ഷി ജയിക്കണമെന്നും തങ്ങൾ ഇസ്ലാമിനു നൽകിയ നൂതന വ്യാഖ്യാനം അംഗീകരിക്കപ്പെടണമെന്നും മാത്രമേ അവർ ആഗ്രഹിച്ചിട്ടുണ്ടായിരിക്കുകയുള്ളൂ. എന്നാൽ ഓറിയന്റലിസ്റ്റുകളുടെ ലക്ഷ്യം തീർത്തും ഭിന്നമായിരുന്നു. ഹദീസ്നിഷേധത്തിലൂടെ അവരുന്നംവെച്ചത്, ഇസ്ലാമിന്റെ പ്രമാണപാഠങ്ങളിലും നിയമസ്രോതസ്സുകളിലും സംശയം ജനിപ്പിച്ച് സമൂഹത്തിൽ ഛിദ്രതയു

ണ്ടാക്കുക എന്നതായിരുന്നു.

ഓറിയന്റലിസത്തിന്റെ ഏജന്റുമാരായാണ് മോഡേണിസ്റ്റുകൾ രംഗത്തുവന്നത്. മുസ്‌ലിം നാമധാരികളും ഇസ്‌ലാമിനെ നവീകരിക്കുകയെന്ന വ്യാജേന അതിനെ തകർക്കാൻ കൂട്ടുനിൽക്കുന്നവരുമാണ് മോഡേണിസ്റ്റുകൾ എന്നതുകൊണ്ടു വിവക്ഷിക്കുന്നത്. ഇവർ രണ്ടു തരക്കാരുണ്ട്:

ഒന്ന്: ഓറിയന്റലിസ്റ്റുകളുടെ ദുഷ്ടലാക്കുകൾ ശരിക്കും തിരിച്ചറിഞ്ഞ് പൂർണമനസ്സോടെ അവരെ സഹായിക്കാൻ ഇറങ്ങിത്തിരിച്ചവർ. ആധുനിക തുർക്കിയുടെ രാഷ്ട്രപിതാവ് മുസ്ത്വഫാ കമാൽ അത്താത്തുർക് അക്കൂട്ടത്തിലൊരാളായിരുന്നു.

രണ്ട്: ഓറിയന്റലിസ്റ്റുകളുടെ ഗൂഢനീക്കങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാതെ പേരിനും പ്രശസ്തിക്കും വേണ്ടിയും സാമ്പത്തിക ലാഭങ്ങൾ ലക്ഷ്യമിട്ടും അവരുടെ താളത്തിനൊത്തു തുള്ളുന്നവർ.

### അറബ് മോഡേണിസ്റ്റുകൾ

20-ാം നൂറ്റാണ്ടിൽ അറബ് ലോകത്ത് ഒട്ടേറെ മോഡേണിസ്റ്റുകൾ ഹദീസ്നിഷേധവുമായി രംഗത്തു വരികയുണ്ടായി. ശൈഖ് റശീദ് രിദാ നടത്തിയിരുന്ന 'അൽമനാർ' മാസികയുടെ 9-ാം വാല്യം 7, 12 ലക്കങ്ങളിൽ ഡോ. തൗഫീഖ് സ്വിദ്ഖിയുടെ രണ്ടു ലേഖനങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. 'ഇസ്‌ലാമെന്നാൽ ഖുർആൻ മാത്രം' എന്ന ശീർഷകത്തിൽ അദ്ദേഹം തന്റെ വാദഗതികൾ ഇങ്ങനെ അവതരിപ്പിച്ചു:

● 'ഗ്രന്ഥത്തിൽ നാം ഒന്നും വിട്ടുകളഞ്ഞിട്ടില്ല' (6:38), 'എല്ലാ കാര്യങ്ങളും വിശദീകരിച്ചുകൊണ്ട് താങ്കൾക്കു നാം ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു' (16:89) തുടങ്ങിയ സൂക്തങ്ങൾ ഖുർആൻ ദീനിന്റെ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നതായി വ്യക്തമാക്കുന്നു. അതിനാൽ നബിചര്യയെപ്പോലൊന്ന് ആവശ്യമില്ല. അല്ലെങ്കിൽ ഖുർആൻ അപൂർണമാണെന്നുവരും.

● 'നാമാണ് ഈ ഖുർആൻ ഇറക്കിയത്. നാം തന്നെ അതിനെ കാത്തുരക്ഷിക്കുകയും ചെയ്യും' (15:9) എന്ന സൂക്തത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു സംരക്ഷണമേറ്റെടുത്തതിൽ ഖുർആൻ മാത്രമേ പെടുന്നുള്ളൂവെന്നും നബിചര്യ പെടില്ലെന്നും വ്യക്തമാണല്ലോ. നബിചര്യ ഖുർആനെപ്പോലൊരു പ്രമാണ സ്രോതസ്സായിരുന്നെങ്കിൽ അല്ലാഹു അതിന്റെയും സംരക്ഷണം ഏറ്റെടുക്കുമായിരുന്നില്ലേ?

● നബിചര്യക്കു ഖുർആനെപ്പോലെ പ്രാമാണികതയുണ്ടായിരുന്നെങ്കിൽ നബി(സ) അതെഴുതിവെക്കാൻ കൽപിക്കുമായിരുന്നു. സ്വഹാബികളും താബിഉകളും അതിന്റെ ശേഖരണത്തിനും ക്രോഡീകരണത്തിനും യത്നിക്കുമായിരുന്നു. പക്ഷേ തിരുമേനി(സ) എഴുത്ത് വിലക്കുക മാത്രമല്ല, എഴുതിയത് മായ്ച്ചുകളയാൻ കൽപിക്കുകയും ചെയ്തു. പിൽക്കാലത്ത് വളരെ വൈകി, പിഴവും ഓർമ തെറ്റും വെട്ടും തിരുത്തുമെല്ലാം വരുത്തിയ ശേഷം മാത്രമാണ് നബിചര്യയുടെ ക്രോഡീകരണം നടന്നത്. ഈ ഘടകങ്ങളെല്ലാം നബിചര്യയെ അവലംബയോഗ്യമല്ലാതാക്കുന്നു.

● "എന്നിൽ നിന്നെന്നോണം ഒട്ടേറെ ഹദീസുകൾ പ്രചരിക്കുന്നതാണ്. അങ്ങനെ നിങ്ങൾക്കു കിട്ടുന്നത് ഖുർആനുമായി യോജിക്കുന്നതാണെങ്കിൽ അതെന്നിൽനിന്നുള്ളതു തന്നെ. ഖുർആനുമായി വിയോജിക്കുന്നതാണെങ്കിൽ അതെന്നിൽനിന്നുള്ളതല്ല." നബിചര്യയുടെ പ്രാമാണികതയില്ലായ്മ സൂചിപ്പിക്കുന്ന തിരുവചനമല്ലേ ഇത്?

അറബ്‌ലോകത്തെ മറ്റൊരു മോഡേണിസ്റ്റായിരുന്നു അഹ്‌മദ് അമീൻ. ഇസ്‌ലാമിനെ മൊത്തത്തിലും നബിചര്യയെ പ്രത്യേകിച്ചും വിമർശിച്ചുകൊണ്ട് അദ്ദേഹമെഴുതിയ 'ഇസ്‌ലാമിന്റെ പ്രഭാതം' (ഫജ്റുൽ ഇസ്‌ലാം), 'ഇസ്‌ലാമിന്റെ പൂർവാഹ്നം' (ദുഹൽ ഇസ്‌ലാം), 'ഇസ്‌ലാമിന്റെ മധ്യാഹ്നം' (ദുഹ്റുൽ ഇസ്‌ലാം) എന്നീ മൂന്നു ഭാഗമടങ്ങിയ ഗ്രന്ഥാവലി ഇസ്‌ലാം വിമർശകർക്ക് സുപരിചിതമാണ്.

"വ്യാജഹദീസ് നിർമാണം തിരുമേനി(സ)യുടെ മരണത്തിനു മുമ്പേ ആരംഭിച്ചതാണ്. പിന്നീട് വ്യാജഹദീസുകൾ അളവറ്റ് പെരുകി. എത്രത്തോളമെന്നാൽ ഇമാം ബുഖാരി തന്റെ കാലത്ത് പ്രചരിച്ച 6 ലക്ഷം ഹദീസുകളിൽനിന്നാണ് തന്റെ 'സ്വഹീഹി'ന് (7275 ഹദീസുകൾ അടങ്ങിയത്) രൂപം കൊടുത്തത്..." ഇങ്ങനെയൊക്കെയാണ് 'ഇസ്‌ലാമിന്റെ പ്രഭാത'ത്തിൽ (പേ. 255 മുതൽ 274 വരെ) അദ്ദേഹം സമർഥിക്കാൻ ശ്രമിക്കുന്നത്. തുടർന്ന് ഇതര മോഡേണിസ്റ്റുകളെ പോലെ പ്രശസ്ത സ്വഹാബിവര്യൻ അബൂഹുറയ്റയെ വിമർശിക്കുന്നു.

അഹ്‌മദ് അമീന്റെ ശൈലി തുറന്ന ആക്രമണത്തിന്റേതായിരുന്നില്ല. തേനിൽ വിഷം ചാലിക്കുന്ന തന്ത്രമാണ് അദ്ദേഹം സ്വീകരിച്ചത്.

ഹി. 1353-ൽ, മുസ്‌ലിം നിരീശ്വരവാദിയായ ഇസ്മാഈൽ അദ്ഹം 'നബിചര്യയുടെ ചരിത്രം' എന്നപേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. "ഇപ്പോൾ നമ്മുടെ കൈവശമുള്ള ഹദീസ് കൂമ്പാരം വാസ്തവത്തിൽ അടിസ്ഥാനമില്ലാത്തതും സംശയാസ്പദവുമാണ്. 'വ്യാജനിർമിതം' എന്ന വിശേഷണമാണതിന് കൂടുതൽ ചേരുക..." ഇത്യാദി വാദങ്ങൾ അദ്ദേഹം നിരത്തി. ജനരോഷമുയർന്നതിനാൽ ഈജിപ്ഷ്യൻ ഗവൺമെന്റ് പ്രസ്തുത ഗ്രന്ഥം കണ്ടുകെട്ടി. ഗ്രന്ഥകർത്താവിനെ പിന്തുണക്കാൻ അഹ്‌മദ് അമീൻ രംഗത്തെത്തി.

ഹദീസിന്റെ സ്വീകാര്യത നിർണയിക്കാൻ നിദാനശാസ്ത്രജ്ഞന്മാർ നിശ്ചയിച്ച പതിനഞ്ചിലധികം വരുന്ന മാനദണ്ഡങ്ങളിൽ അഹ്‌മദ് അമീൻ തൃപ്തനായിരുന്നില്ല. അവർ നിർബന്ധമായും പരിഗണിക്കേണ്ടിയിരുന്ന 8 എണ്ണം കൂടി അദ്ദേഹം മുന്നോട്ടുവെച്ചു. ഹദീസ് സമ്പാദകരായ മഹാന്മാർ അപൂർണമായ മാനദണ്ഡങ്ങൾ വെച്ച്മാത്രം ഹദീസ് പരിശോധിച്ചതുമൂലം പ്രബലമെന്നുകരുതുന്നവതന്നെ വാസ്തവത്തിൽ ദുർബലങ്ങളാണ് - അദ്ദേഹം വാദിച്ചു.

ഹദീസ് നിഷേധത്തിൽ അഹ്‌മദ് അമീനെ കടത്തിവെട്ടിയ മോഡേണിസ്റ്റാണ് മഹ്‌മൂദ് അബൂറയ്യഃ. അദ്ദേഹം രചിച്ച 'അദ്വാഉൻ അലസ്സുന്നത്തിൽ മുഹമ്മദിയ്യഃ' എന്ന ഗ്രന്ഥം ഏറെ വിവാദം സൃഷ്ടിക്കുകയുണ്ടായി. ലോകത്തെങ്ങുമുള്ള മുസ്‌ലിം മോഡേണിസ്റ്റുകൾ പ്രസ്തുത ഗ്രന്ഥത്തെ ഉപജീവിച്ചാണ് ആളാവുന്നത്. അബൂറയ്യഃ ആളായതോ അഹ്‌മദ് അമീനിൽനിന്നും ഓറിയന്റലിസ്റ്റുകളിൽനിന്നും പകർത്തിയും.

**ഹദീസ് നിഷേധത്തിൽ അഹ്‌മദ് അമീനെ കടത്തിവെട്ടിയ മോഡേണിസ്റ്റാണ് മഹ്‌മൂദ് അബൂറയ്യഃ. അദ്ദേഹം രചിച്ച 'അദ്വാഉൻ അലസ്സുന്നത്തിൽ മുഹമ്മദിയ്യഃ' എന്ന ഗ്രന്ഥം ഏറെ വിവാദം സൃഷ്ടിക്കുകയുണ്ടായി. ലോകത്തെങ്ങുമുള്ള മുസ്‌ലിം മോഡേണിസ്റ്റുകൾ പ്രസ്തുത ഗ്രന്ഥത്തെ ഉപജീവിച്ചാണ് ആളാവുന്നത്. അബൂറയ്യഃ ആളായതോ അഹ്‌മദ് അമീനിൽനിന്നും ഓറിയന്റലിസ്റ്റുകളിൽനിന്നും പകർത്തിയും..**

ആധുനിക അറബിസാഹിത്യത്തിലെ അതികായൻ ഡോ. ത്വാഹാ ഹുസൈന്റെ 'മുഖമൊഴി'യുണ്ട് അബൂറയ്യഃയുടെ വിവാദ ഗ്രന്ഥത്തിന്റെ 5-ാം പതിപ്പിൽ. "പടിഞ്ഞാറൻ സംസ്കാരത്തെ (അതിന്റെ നന്മയും തിന്മയും കയ്പും മധുരവും വിട്ടുകളയാതെ) നാം സ്വീകരിക്കേണ്ടതുണ്ട്" എന്നെഴുതിയ സാഹിത്യകാരനാണ് ത്വാഹാ ഹുസൈൻ. ഗ്രന്ഥകാരനും 'മുഖമൊഴി'ക്കാരനും ഒരേ തൂവൽ പക്ഷികളാണെന്ന് സാരം.

### അബൂറയ്യഃയുടെ പ്രധാന ആരോപണങ്ങൾ

ഹദീസിനെതിരെയുള്ള അബൂറയ്യഃയുടെ ആരോപണങ്ങൾ പ്രസ്തുത കൃതിയുടെ മുഖവുരയിൽ സംഗ്രഹിച്ചിട്ടുണ്ട്. അതിങ്ങനെ വായിക്കാം:

- ഹദീസ് നിരൂപകന്മാർ നിവേദകശ്രേണിക്ക്(സനദ്) അമിത പരിഗണന നൽകുകയും പ്രമേയത്തെ(മത്ന്) അവഗണിക്കുകയും ചെയ്തു.
- തിരുമേനി(സ) മൊഴിഞ്ഞ അതേ വാക്കും ആശയവും ഒത്തുവന്നിട്ടുള്ള ഒരൊറ്റ ഹദീസും ഹദീസ് ഗ്രന്ഥങ്ങളിലില്ലെന്ന് ഏറക്കുറെ പറയാം. വാക്കുകൾ നിവേദകരുടേതും ആശയം തിരുമേനിയുടേതുമായ ഹദീസുകളാണുള്ളത്. സ്വഹീഹുൽ ബുഖാരി പോലും ഇതിന്നപവാദമല്ല.
- നിവേദകർ മാറുന്നതിനനുസരിച്ച് പ്രമേയത്തിന്റെ അക്ഷരത്തിലും ആശയത്തിലും മാറ്റങ്ങൾ സംഭവിച്ചു. കാരണം, നിവേദകരുടെ കൂട്ടത്തിൽ ഒട്ടേറെ അനറബികളും മറ്റും ഉണ്ടായിരുന്നു.
- ഹദീസ് രേഖപ്പെടുത്താൻ തുടങ്ങിയത് പ്രവാചകന്റെ(സ) മരണശേഷം നൂറ് വർഷം കഴിഞ്ഞാണ്. ഈ കാലവിളംബത്തിന് കനത്ത ദോഷ ഫലങ്ങളുണ്ടായി. വ്യാജഹദീസുകൾ എമ്പാടും പ്രചരിച്ചു.
- ഹദീസിൽ ജൂതപുരാണങ്ങളും (ഇസ്രാഈലിയ്യാത്ത്) ക്രൈസ്തവ കെട്ടുകഥകളും (മസീഹിയ്യാത്ത്) ഒട്ടേറെ നുഴഞ്ഞുകയറിയിരിക്കുന്നു. ഹദീസ് ശോധകരുടെ ശ്രമങ്ങൾക്കൊണ്ടവ ചേറിക്കളയാൻ കഴിഞ്ഞില്ല.

### മോഡേണിസം ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സർ സയ്യിദ് അഹ്മദ്ഖാനാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഹദീസ് നിഷേധ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. പാശ്ചാത്യസംസ്കാരവുമായി പൊരുത്തപ്പെട്ടുപോകാൻ സർ സയ്യിദ് മുസ്‌ലിംകളെ ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ മോഡേണിസ്റ്റ് ചിന്തകളെ ജമാലുദ്ദീൻ അഫ്ഗാനി തന്റെ 'ഉർവതുൽ വുസ്ഖാ' എന്ന പത്രത്തിൽ അതിനിശിതമായി വിമർശിക്കുകയുണ്ടായി. സർ സയ്യിദിന് ശേഷം മൗലവി ചിറാഗ് അലി, അബ്ദുല്ല ചക്ടാലവി, അഹ്മദുദ്ദീൻ അമൃതസരി, അസ്‌ലം ജിറാജ്പൂരി എന്നിവരിലൂടെ കടന്നുവന്ന ഹദീസ്നിഷേധ പ്രസ്ഥാനം പഞ്ചാബുകാരനായ ഗുലാം അഹ്മദ് പർവേസിന്റെ നേതൃത്വത്തിൽ ഏറെ ശക്തിപ്പെട്ടു.

ഉപഭൂഖണ്ഡത്തിൽ ജന്മമെടുത്ത ഹദീസ് നിഷേധ പ്രവണതയെക്കുറിച്ച് സയ്യിദ് മൗദൂദി തന്റെ 'സുന്നത്തിന്റെ പ്രാമാണികത'(സുന്നത്ത് കീ ആയീനീ ഹൈസിയത്ത്' എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ പറയുന്നു: "ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ഹദീസ്നിഷേധ പ്രവണതയുടെ ആദ്യജന്മത്തിന് വഴിവെച്ച അതേ കാരണങ്ങൾ തന്നെയാണ് ഇപ്പോൾ അതിന്റെ രണ്ടാം ജന്മത്തിനും വഴി തെളിയിച്ചത്. വൈദേശിക ദർശനങ്ങളെയും അനിസ്‌ലാമിക സംസ്കാരങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ ഉടലെടുത്ത അപകർഷബോധവും പുറമെനിന്നുള്ള എന്തും യുക്തിയുക്തമെന്നു ധരിച്ച് ഇസ്‌ലാമിനെ അവക്കൊപ്പിച്ച് പാകപ്പെടുത്താനുള്ള തിടുക്കവുമാണത്. എങ്കിലും രണ്ടാം നൂറ്റാണ്ടിലേതിൽനിന്നും വളരെ ഭിന്നമായ ഒരു സാഹചര്യമാണ് (ഹിജ്റ) 13-ാം നൂറ്റാണ്ടിലേത്. രണ്ടാം നൂറ്റാണ്ടിൽ മുസ്‌ലിംകൾ വിജിഗീഷുകളായിരുന്നു. അവർക്കന്ന് രാഷ്ട്രീയവും സൈനികവുമായ മേധവിത്വമുണ്ടായിരുന്നു... എന്നാൽ 13-ാം നൂറ്റാണ്ടിൽ മുസ്‌ലിംകൾ എല്ലാ മേഖലകളിലും പിന്തള്ളപ്പെട്ടുകിടന്ന ഒരു സാഹചര്യത്തിലാണ് ഈ കുഴപ്പം തലപൊക്കിയത്... ജേതാക്കളുടെ തത്വചിന്തകളെയും ശാസ്ത്രങ്ങളെയും നിയമങ്ങളെയും സംസ്കാരങ്ങളെയുമൊക്കെ മുസ്‌ലിംകൾക്ക് അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ പഴയകാല മുഅ്തസിലികളെക്കാളും ആയിരം മടങ്ങ് തീവ്രതയിൽ മതിഭ്രമം പിടിപെട്ട പുതിയ 'മുഅ്തസിലികൾ' അവർക്കിടയിൽ ജന്മംകൊള്ളാൻ തുടങ്ങി... കാലത്തിനൊപ്പം മുന്നോട്ടുപോകണമെങ്കിൽ വല്ല വിധേനയും ഇസ്‌ലാമിനെ അവക്ക് (പാശ്ചാത്യദർശനങ്ങൾക്കും സംസ്കാരങ്ങൾക്കും) ചേരുംവിധം പാകപ്പെടുത്തിയെടുക്കുകയാണ് വേണ്ടതെന്നായിരുന്നു അവരുടെ വിചാരം.

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സർ സയ്യിദ് അഹ്മദ്ഖാനാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഹദീസ്നിഷേധ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. പാശ്ചാത്യസംസ്കാരവുമായി പൊരുത്തപ്പെട്ടുപോകാൻ സർ സയ്യിദ് മുസ്‌ലിംകളെ ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ മോഡേണിസ്റ്റ് ചിന്തകളെ ജമാലുദ്ദീൻ അഫ്ഗാനി തന്റെ 'ഉർവതുൽ വുസ്ഖാ' എന്ന പത്രത്തിൽ അതിനിശിതമായി വിമർശിക്കുകയുണ്ടായി.

"ഈ ഉദ്ദേശ്യത്തോടുകൂടി ഇസ്‌ലാമിനെ ഒന്ന് നന്നാക്കിയെടുക്കാനുള്ള ശ്രമം തുടങ്ങിയപ്പോഴാകട്ടെ പഴയ മുഅ്തസിലികൾക്ക് നേരിടേണ്ടിവന്ന പ്രശ്നം അവരെയും തുറിച്ചുനോക്കി. ഇസ്‌ലാമിക ജീവിതവ്യവസ്ഥയുടെ വിശദവും പ്രായോഗികവുമായ രൂപം നിലകൊള്ളുന്നത് നബിചര്യയിലാണെന്നവർ കണ്ടു... അതിനാൽ ഇസ്‌ലാമിൽ എന്തെങ്കിലും അറ്റകുറ്റപ്പണി സാധിക്കണമെങ്കിൽ നബിചര്യയെ പുറന്തള്ളേണ്ടതുണ്ട്.

"ഈ ലക്ഷ്യപൂർത്തീകരണത്തിനുവേണ്ടി അവർ സ്വീകരിച്ച തന്ത്രത്തിനും പഴയ മുഅ്തസിലികളുടെ തന്ത്രത്തിനെന്നപോലെ രണ്ടുതലങ്ങളുണ്ടായിരുന്നു. ഒന്ന്: നബിചര്യ നിലകൊള്ളുന്ന നിവേദനങ്ങളുടെ വിശ്വാസ്യതയിൽ സംശയം ജനിപ്പിക്കുക. രണ്ട്: നബിചര്യ പ്രമാണമാക്കപ്പെടേണ്ടതും അവലംബിക്കപ്പെടേണ്ടതുമാണെന്ന വസ്തുത നിഷേധിക്കുക...

"ഈ ഫിത്ന വ്യാപിപ്പിക്കാൻ വേണ്ടി അവരുപയോഗിക്കുന്ന തന്ത്രത്തിന്റെ പ്രധാനഘടകങ്ങൾ താഴെ വിവരിക്കുന്നു:

1. ഹദീസിനെക്കുറിച്ച് സംശയം ജനിപ്പിക്കുന്നതിനായി പാശ്ചാത്യരാജ്യങ്ങളിലെ ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ പ്രയോഗിക്കുന്ന അടവുകളിൽ പൂർണമായി വിശ്വാസമർപ്പിച്ചുകൊണ്ട് അവയെ വിശദീകരിച്ചും വിപുലീകരിച്ചും മുസ്‌ലിം ബഹുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക; അതുവഴി ഖുർആനൊഴികെ

പിൻപറ്റേണ്ടതായ മറ്റൊന്നും പ്രവാചകനിൽനിന്ന് സമുദായത്തിന് ലഭിച്ചിട്ടില്ലെന്ന് പാമര ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക.



2. കുറ്റം കണ്ടെത്തുക എന്ന ഏക ഉദ്ദേശ്യത്തോടെ ഹദീസ് സമാഹാരങ്ങളിൽ ചികിപ്പരതി, ഹദീസ് ഗ്രന്ഥങ്ങളിൽ നിറയെ പരിഹാസവും ലജ്ജയുമുളവാക്കുന്ന കാര്യങ്ങളാണെന്ന ധാരണയുണ്ടാക്കുന്ന സംഗതികൾ എടുത്തു പുറത്തുവിടുക. എന്നിട്ട്, ഇസ്‌ലാമിനെ ഈ നാണക്കേടിൽനിന്ന് കരകയറ്റണമെങ്കിൽ ഇതുപോലുള്ള അസംബന്ധ രചനകളെ കടലിൽ മുക്കിക്കളയണമെന്ന് മുറവിളി കൂട്ടുക.

3. ഖുർആനെ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്ന ഒരേയൊരു ചുമതലമാത്രം നിർവഹിക്കാനുള്ള കേവലം തപാലാപ്പീസായി പ്രവാചകത്വത്തെ ചിത്രീകരിക്കുക.

4. ഖുർആനെ മാത്രം ഇസ്‌ലാമിക നിയമങ്ങളുടെ സ്രോതസ്സായി ഗണിച്ച് സുന്നത്തിനെ ഇസ്‌ലാമിന്റെ നിയമവ്യവസ്ഥക്കു പുറത്തുനിർത്തുക.

5. സമുദായത്തിലെ ഫുഖഹാക്കൾ, മുഹദ്ദിസുകൾ, മുഫസ്സിറുകൾ, ഭാഷാ വിദഗ്ധർ എന്നിവരൊക്കെ പരിഗണനീയരല്ലെന്ന് വരുത്തിത്തീർത്ത്, മുസ്‌ലിംകൾ ഖുർആൻ പഠിച്ച് മനസ്സിലാക്കാൻ അവരെ അവലംബിക്കുന്നത് തടയുക. ഇവരെല്ലാം ഖുർആന്റെ യഥാർഥ അധ്യാപനങ്ങൾ മറച്ചുവെക്കാൻ വേണ്ടി ഒരു ഗൂഢപദ്ധതി ഒപ്പിച്ചുവെച്ചിരിക്കുകയാണെന്ന് തെറ്റിദ്ധരിപ്പിക്കുക.

6. പുതിയൊരു ഭാഷ ചമച്ചുണ്ടാക്കി ഖുർആന്റെ മുഴുവൻ സാങ്കേതിക പദങ്ങളുടെയും അർഥം മാറ്റിമറിക്കുകയും ലോകത്തിലെ അറബി ഭാഷാജ്ഞാനമുള്ള ആർക്കും മനസ്സിലാക്കാനാവാത്ത അർഥം ഖുർആൻ സൂക്തങ്ങൾക്കു നൽകുകയും ചെയ്യുക."

ഖുർആൻ വ്യക്തമായി സൂചിപ്പിക്കാത്ത ഒരു മതാനുഷ്ഠാനവും വേണ്ടെന്ന് 'ഇൻകാറെ ഹദീസ്' എന്ന കൃതിയിലൂടെ സമർഥിച്ച ഗുലാം അഹ്മദ് പർവേസ്, സുന്നത്തിന്റെ പ്രാമാണികത നിഷേധിക്കുക മാത്രമല്ല ഇസ്‌ലാമിന് പുതിയൊരു വ്യാഖ്യാനം ചമക്കുക കൂടി ചെയ്തു. 'നിസാമെ റുബൂബിയ്യത്ത്' എന്നപേരിൽ അദ്ദേഹം അവതരിപ്പിച്ച നവീനാശയങ്ങൾ അമൂർത്തവും അസ്പഷ്ടവുമായിരുന്നു.

### ഹദീസ് നിഷേധം കേരളത്തിൽ

വളരെ വ്യപകമായ നെറ്റ്‌വർക്ക് ഇല്ലെങ്കിലും ചെറിയതോതിൽ പ്രവർത്തിക്കുന്ന ഹദീസ്‌നിഷേധപ്രസ്ഥാനം കേരളത്തിലുമുണ്ട്. കണ്ണൂർ പഴയങ്ങാടി സ്വദേശി ബി. കുഞ്ഞഹമ്മദ് ഹാജിയാണ് കേരളത്തിൽ അതിനു വിത്തുപാകിയത്. തുടർന്ന് ചേകനൂർ മൗലവിയും അദ്ദേഹത്തിന്റെ ഖുർആൻ സുന്നത്ത് സൊസൈറ്റിയും സജീവമായി. ചേകനൂർ മൗലവി കേരളമൊട്ടുക്ക് സഞ്ചരിച്ച് നടത്തിയ പ്രഭാഷണങ്ങളിൽ ഒട്ടേറെ സാധാരണക്കാർ ആശയക്കുഴപ്പത്തിലായി. മൂന്നുനേരം നമസ്കരിച്ചാൽ മതി, സുന്നത്തുകർമം നടത്തേണ്ടതില്ല.... തുടങ്ങിയ വാദങ്ങളും അബൂഹുറയ്റ വ്യാജഹദീസ് നിർമാതാവാണെന്ന പ്രചാരണവുമായിരുന്നു പ്രഭാഷണങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്.

ചേകനൂരിനും സംഘത്തിനും ശക്തിപകരാൻ ഒരു വിഭാഗം മുസ്‌ലിം ബുദ്ധിജീവികളും അവരോടൊപ്പം ചേർന്നു. 1970-കളിൽ ചേകനൂർ മോഡേൺ ഏയ്ജ് സൊസൈറ്റിയുമായി രംഗപ്രവേശം ചെയ്തപ്പോൾ അവരിൽ പലരും അദ്ദേഹത്തിന്റെ വലംകയ്യായി അകമ്പടിസേവിച്ചിരുന്നു. 1980-കളിലെ രണ്ടാം വരവിൽ പ്രശസ്ത കവി യൂസുഫ് അലി കേച്ചേരി ചേകനൂരിനെ പിന്തുണച്ച് രംഗത്തുവന്നു. അബൂഹുറയ്റയെ വിമർശിച്ച് ലേഖനമെഴുതിയിട്ടുണ്ട് കേച്ചേരി.

ചേകനൂർ മൗലവിയുടെ ദുരൂഹ തിരോധാനത്തിന് ശേഷവും അദ്ദേഹം തൊടുത്തുവിട്ട വിവാദങ്ങൾ ഒടുങ്ങിയിട്ടില്ല. ബുദ്ധിജീവികളിലും സാധാരണക്കാരിലും ആ ചിന്താഗതി വെച്ചുപുലർത്തുന്നവർ ഇപ്പോഴുമുണ്ട്. കണ്ണൂർ പഴയങ്ങാടിയിൽ ഹദീസ്‌നിഷേധികളായ 'അഹ്‌ലുൽ ഖുർആൻ' വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

ഇങ്ങനെ വ്യത്യസ്ത കോണുകളിൽനിന്നുള്ള ആക്രമണങ്ങൾക്കു നടുവിലും നബിചര്യയും ഹദീസും തിളക്കം മങ്ങാതെ നിലനിൽക്കുന്നു. കാലാവസാനം വരെ അത് നിലനിൽക്കുകയും ചെയ്യും. ■

### അടിക്കുറിപ്പുകൾ

1. അബുൽഹസൻ അലിയ്യുബ്നു അബീഅലിയ്യുത്തഅ്‌ലബി. (ഹി. 561-631) സൈദുദ്ദീൻ അൽ ആമിദി എന്നറിയപ്പെടുന്നു.

2. നള്ളാം എന്നറിയപ്പെട്ട അബൂഇസ്ഹാഖ് ഇബ്റാഹീമുബ്നു സയ്യാർ നേതൃത്വം നൽകിയ വിഭാഗം.

3. വാസിലുബ്നു അത്വാഅ് (മരണം ഹി.131) നേതൃത്വമേകിയ വിഭാഗം.

4. അംറുബ്നു ഉബൈദ് നേതൃത്വമേകിയ വിഭാഗം.

5. അല്ലാഫ് എന്നും അബുൽഹുദൈൽ എന്നും അറിയപ്പെടുന്ന മുഹമ്മദുബ്നുൽ ഹുദൈൽ (മരണം ഹി. 227) നേതൃത്വമേകിയ വിഭാഗം.

6. അബൂബക്ർ മുഹമ്മദുബ്നു ഉബൈദുല്ലാഹിബ്നു അബ്ദുല്ലാഹിബ്നു ശിഹാബ്. ഇബ്നു ശിഹാബെന്നും അറിയപ്പെടുന്നു. ഉമറുബ്നു അബ്ദിൽ അസീസിന്റെ നിർദേശപ്രകാരം അദ്ദേഹമാണ് ആദ്യമായി സുന്നത്ത് ക്രോഡീകരിച്ചതെന്ന് ഇബ്നു ഹജർ വ്യക്തമാക്കിയിട്ടുണ്ട്. "ആദ്യമായി ഹദീസിന്റെ നിവേദകപരമ്പര തയാറാക്കിയത് ഇബ്നുശിഹാബാണ്"- ഇമാം മാലിക് പറഞ്ഞു.

### റഫറൻസ്


1. അസ്സുന്നത്തു വ മകാനത്തുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി - ഡോ. മുസ്ത്വഫസ്സിബാഈ (മൂന്നാംപതിപ്പ്).

2. ദിഫാഉൻ അനിസ്സുന്നഃ വറദ്ദുശുബഹിൽ മുസ്തശ്‌രിഖീൻ വൽകുത്താബിൽ മുആസിരീൻ - ഡോ. മുഹമ്മദ് മുഹമ്മദ് അബൂശഹ്ബ.

3. അദ്‌വാഉൻ അലസ്സുന്നത്തുൽ മുഹമ്മദിയ്യഃ - മഹ്മൂദ് അബൂറയ്യ.

4. തഹ്ദീറുൽ മുസ്‌ലിമീൻ അനിൽ ഇബ്തിദാഇ വൽബിദഇ ഫിദ്ദീൻ - ശൈഖ് അഹ്മദ് ഇബ്നു ഹജർ അൽബുത്വാമി അൽബൻഅലി.

5. സുന്നത്തിന്റെ പ്രാമാണികത - അബുൽ അഅ്‌ലാ മൗദൂദി.

6. അബൂഹുറയ്റ - ശൈഖ് മുഹമ്മദ് കാരകുന്ന്.

7. ഇസ്‌ലാം വിജ്ഞാനകോശം - കലിമ ബുക്സ്.

8. ഇസ്‌ലാമിക വിജ്ഞാനകോശം - ഐ.പി.എച്ച്.

9. മജല്ലത്തു മർകസി ബുഹൂസിസ്സുന്നഃ വസ്സീറഃ ഒന്നാം ലക്കം-1984 - ഖത്തർ യൂനിവേഴ്സിറ്റി.